(ഡി&ഇ) ടെക്നോപാർക്കിന്റെ അധീനതയിലുള്ള സ്ഥലം അക്വയർ ചെയ്യാൻ ചെലവഴിച്ച പണം ടെക്നോപാർക്കിന് നൽകിയാൽ പ്രസ്തുത സ്ഥലം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന് വിട്ടുകൊടുക്കാൻ ടെക്നോപാർക്ക് സന്നദ്ധമാണെന്ന് ടൂറിസം ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിന് അനുയോജ്യരായ സ്വകാര്യ സംരംഭകരെ കണ്ടെത്തിയ ശേഷം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(എഫ്) ആവശ്യമെങ്കിൽ വിളിച്ചുചേർക്കുന്നതാണ്.

(ജി) അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാളയം ട്രിഡ കെട്ടിടത്തിൽ കടകൾ അനുവദിക്കൽ

65 (246) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് പാളയം സാഫല്യം കോംപ്ലക്സിനടുത്ത് ട്രിഡ നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിൽ വ്യാപാരികൾക്ക് എത്ര കടകൾ അനുവദിച്ചിട്ടുണ്ട്;

(ബി) തിരുവനന്തപുരം എം.ജി. റോഡ് വികസനത്തിന്റെ ഭാഗമായി കടകൾ നഷ്ടപ്പെടുന്ന എത്ര വ്യാപാരികൾക്ക് പുതിയ കെട്ടിടത്തിൽ കടകൾ നൽകി പുനരധിവസിപ്പിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ കെട്ടിടത്തിൽ നിലവിലുള്ള കടകളിൽ സ്ത്രീകൾക്കായി ഒരു നിശ്ചിത ശതമാനം കടകൾ സംവരണം ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അപ്രകാരം സംവരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) എം.ജി. റോഡിന്റെ വികസനത്തിന്റെ ഭാഗമായി കടകൾ നഷ്ടപ്പെടുന്ന സ്ത്രീകളായ കച്ചവടക്കാർക്ക് പാളയത്തുള്ള പുതിയ കെട്ടിടത്തിൽ പ്രത്യേക പരിഗണന നൽകി പുതിയ കടകൾ അലോട്ടുചെയ്ത് അവരെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 102 കടകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 97 വ്യാപാരികളെ പുനരധിവാസ ബ്ലോക്കിലെ കടകളിൽ പുനരധിവസിപ്പിക്കാൻ കഴിയും.

(സി) ചെയ്തിട്ടില്ല. എന്നാൽ സ്ത്രീകളുൾപ്പെടെയുള്ള ട്രിഡയുടെ എം.ജി. റോഡിന്റെ സൈഡിലുള്ള വാടകക്കാരായ എല്ലാ വ്യാപാരികൾക്കും ഈ കെട്ടിടത്തിലെ കടകളിൽ പുനരധിവാസം നൽകുന്നുണ്ട്.

(ഡി) ബാധകമല്ല.

(ഇ) ജനറൽ പദ്ധതിയിൽ ഉൾപ്പെട്ട ട്രിഡയുടെ വാടകക്കാരായ വ്യാപാരികൾക്ക് പുനരധിവാസം നൽകാൻ മാത്രമേ ഇപ്പോൾ നിർമ്മിക്കുന്ന പുനരധിവാസ ബ്ലോക്കിലെ കടകളിൽ സൗകര്യമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly